**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംമ്പർ: 7981      24.07.2012 ലെ മറുപടിക്ക്

## കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാത്യു. റ്റി. തോമസ്:<br>ശ്രീ. ജോസ് തെറ്റയിൽ • | | **ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി)** | |
| (എ) | കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാനത്ത് റോഡപകടങ്ങളുടെ എണ്ണം 2005 നു ശേഷം കുറഞ്ഞുവരുന്നുണ്ടെങ്കിലും അപകടമരണങ്ങളുടെ എണ്ണം കൂടി വരുന്നതായിട്ടാണ് കാണുന്നത്. റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിച്ച നടപടി വിവരങ്ങൾ ചുവടെ ചേർക്കുന്നു<br>1. **<u>അപകട സാദ്ധ്യതമേഖലയും അതീവ അപകട സാദ്ധ്യത മേഖലയും.</u>**<br>റോഡപകടങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ വിശകലനം ചെയ്യുകയും സംസ്ഥാനത്ത് 896 അപകട സാദ്ധ്യത മേഖലകളും 217 അതീവ അപകട സാദ്ധ്യത മേഖലകളും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 54 അതീവ അപകട സാദ്ധ്യത മേഖലകളിൽ പരിഹാര നടപടി സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നാലര കോടി രൂപ കേരള റോഡ് സുരക്ഷാ |

| | | | |
|---|---|---|---|
| | | | അതോറിറ്റി നല്കിയിട്ടുണ്ട്.<br>2. മാതൃകാ റോഡ് പദ്ധതി<br>മാതൃകാ റോഡ് നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് 8 കോടി 37 ലക്ഷം രൂപ നല്കിയിട്ടുണ്ട്.<br>കൊല്ലം-കോവളം, മുട്ടം- അങ്കമാലി, വെറ്റില-മണ്ണുത്തി, ശബരിമല റോഡുകളായ വടശ്ശേരിക്കര-പമ്പ, എരുമേലി- പ്ലാപ്പള്ളി എന്നീ അഞ്ച് റോഡുകളെ തെരഞ്ഞെടുത്ത് അപകട വിമുക്ത മാതൃകാ റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>3. റോഡ് സുരക്ഷാ ബോധവൽക്കരണം<br>റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻ വഴി ഫിലിമുകൾ സംപ്രേക്ഷണം ചെയ്യുകയും എഫ്.എം. റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തിവരുകയും ചെയ്യുന്നു.<br>ടിപ്പർലോറി/ചരക്കുവാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക് വഴി റോഡുസുരക്ഷാ പരിശീലനം നല്കുന്നതിനായി 12 ലക്ഷം രൂപ കെ.ആർ.എസ്.എ നല്കിയിട്ടുണ്ട്.<br>റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സിനിമാ തീയറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്.<br>രാത്രികാലത്ത് എയർപോർട്ടു കളിലേക്കുള്ള യാത്രക്കിടയിലുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും, യാത്രക്കാരെയും |

| | | | |
|---|---|---|---|
| | | | ബോധവൽക്കരിക്കുന്നതിനായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച "Safe night driving" എന്ന ലഘുലേഖ രാത്രികാലങ്ങളിൽ വിതരണം ചെയ്തു വരുന്നു.<br><br>നാറ്റ്പാക്ക് തയ്യാറാക്കിയ സ്കൂളിലേയ്ക്കുള്ള സുരക്ഷിത പാത (Safe Road to School) എന്ന പുസ്തകത്തിന്റെയും അധ്യാപക പഠന സഹായി (Teachers Manual) എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് ആർ.ടി.ഒ മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.<br>സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക്ക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷാ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>**4. റോഡ് സുരക്ഷാ ക്ലബ്ബ്.**<br>റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുവാനും കേരളത്തിലെ സ്കൂൾ / കോളേജുകളിൽ 157 റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ കേരളത്തിലെ എല്ലാ സ്കൂൾ / കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | **5. റോഡ് സുരക്ഷാ പ്രോജക്റ്റും, ഗവേഷണവും.**<br>ആലപ്പുഴ ജില്ലയിലെ ആലപ്പുഴ-മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ്, നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. സംസ്ഥാനത്തിന്റെ റോഡ് സുരക്ഷാ നയത്തിന്റെ കരട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.<br>**6. ട്രോമാകെയർ.**<br>ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി ധനസഹായം നല്കുകയുണ്ടായി.<br>**7. പരസ്യ ബോർഡുകൾ.**<br>അപകടത്തിന് കാരണമായേക്കാവുന്ന അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**8. അപകടാനന്തര അന്വേഷണം**<br>അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകടകാരണങ്ങൾ വ്യക്തമായി കണ്ടെത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖയിലെ ഡി.വൈ.എസ്.പിയും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെ കെ.ആർ.എസ്.എ നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **സ്റ്റുഡൻസ് കേഡറ്റ് പ്രോജക്ട്.**<br>പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ 128 സ്കൂളുകളിൽ രൂപീകരിച്ചിരിക്കുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പ്രോജക്റ്റിന്റെ ഭാഗമായി സ്കൂളുകളിൽ കമ്മ്യൂണിറ്റി ലെവൽ റോഡ് സുരക്ഷാ പ്രോഗ്രാം നടപ്പിലാക്കുന്നതിന് പോലീസ് വകുപ്പിന് ഒരു കോടി ഏഴ് ലക്ഷത്തിപ്പതിനയ്യായിരം രൂപ കെ.ആർ.എസ്.എ നൽകിക്കഴിഞ്ഞു.<br>**10. ഫുട്പാത്ത് കൈയ്യേറ്റം.**<br>നിയമവിരുദ്ധമായി ഫുട്പാത്ത് കൈയ്യേറുന്നവരെ ഒഴിപ്പിക്കുവാനും അവർക്കെതിരെ റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റിലെ 14,15,16,17 സെക്ഷൻ പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും എല്ലാ ജില്ലാ റോഡ് സുരക്ഷാ ചെയർമാൻമാർ, സിറ്റി പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് സൂപ്രണ്ട്മാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്ക് അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**11. വാഹന കുരുക്ക് തടയൽ.**<br>കേരളത്തിലെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന വാഹനകുരുക്ക് തടയുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ നഗരങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനസമയം വ്യത്യസ്തമാക്കിയിട്ടുണ്ട്.<br>**12. ദശവത്സര റോഡ് സുരക്ഷാ പദ്ധതി.**<br>2020 ഓടെ വാഹന ദുരന്തങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പരിപാടികൾക്കായി, താഴെപ്പറയുന്ന തുക വിവിധ വകുപ്പുകൾക്ക് അനുവദിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | (എ)പൊതുമരാമത്ത് വകുപ്പ് 3,00,00,000/-.<br>(ബി)മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്. 1 5,64,99,152/-.<br>(സി)നാറ്റ്പാക് 57,82,000/-.<br>(ഡി). പോലീസ് 3,57,25,000/-. |
| (സി) | റോഡ് സേഫ്റ്റി അതോറിറ്റിക്കുള്ള ഫണ്ട് ട്രഷറിയിൽ നിന്ന് അതോറിറ്റിക്ക് കൈമാറാതെ കിടപ്പുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (സി) | 2010-11 സാമ്പത്തിക വർഷം വരെ മോട്ടോർ വാഹന വകുപ്പ് പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീ, സെസ്സ് എന്നീ ഇനങ്ങളിലും പോലീസ് വകുപ്പ് പിരിച്ചെടുത്ത കോമ്പൗണ്ടിംഗ് ഫീ ഇനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിക്കേണ്ടതായ തുകയിൽ 69.41 കോടി രൂപ മാത്രമാണ് ലഭ്യമായത്.<br>2010-11 സാമ്പത്തിക വർഷം വരെ ഇനി സർക്കാരിൽ നിന്നും 75 കോടി രൂപയോളം കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിക്കേണ്ടതുണ്ട്. |
| (ഡി) | പോലീസ്, മരാമത്ത്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളിലൂടെ ചെലവഴിച്ച തുക വേർതിരിച്ച് വിശദമാക്കുമോ? | (ഡി) | കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നും പോലീസ്, മരാമത്ത്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകൾക്ക് കൈമാറിയ തുകയുടെ കണക്ക് അനുബന്ധമായി വച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## പോലീസ് വകുപ്പ്

| Sl.No | Date | Projects Details | Fund Transferred |
|---|---|---|---|
| 1 | 07.04.2009 | Purchase of Alcometer | 5,00,000 |
| 2 | 20.11.2009 | Cameras, Speed Radar, Alcometer, Batten Jackets | 3,55,00,000 |
| 3 | 02.05.2011 | Road Safety Week-2011, Printing Booklets | 5,00,000 |
| 4 | 14.01.2011 | Students Police Cadet Project | 7,15,000 |
| 5 | 30.04.2011 | Traffic Signal System | 9,37,800 |
| 6 | 26.08.2011 | Traumacare unit | 2,25,000 |
| 7 | 09.01.2012 | Student Police Cadet Project | 1,00,00,000 |
| 8 | 24.06.2011 | Purchase of Alcometer | 2,00,00,000 |

## പൊതുമരാമത്ത് വകുപ്പ്

| Sl.No | Date | Projects Details | Fund Transferred |
|---|---|---|---|
| 1 | 20.11.2009 | Model Roads & Sign Boards | 8,37,00,000 |
| 2 | 10.01.2011 | Curing 50Black Spot | 4,50,00,000 |
| 3 | 18.08.2011 | Road Safety Decade, Action Plan | 3,00,00,000 |

## മോട്ടോർ വാഹന വകുപ്പ്

| Sl.No | Date | Projects Details | Fund Transferred |
|---|---|---|---|
| 1 | 20.11.2009 | Enforcing equipments & Speed detection Cameras | 3,60,00,000 |
| 2 | 16.09.2010 | Training for Drivers | 4,25,000 |
| 3 | 11.02.2011 | Road Safety Week-2009 (Additional fund) | 98,163 |
| 4 | 11.02.2011 | Road Safety Decade-2011 (Inaugural function) | 1,00,000 |
| 5 | 22.02.2011 | Road Safety Week-2011(Closing Ceremony) | 1,09,582 |
| 6 | 16.05.2011 | Keep left board at Cherthala-Mannuthi | 56,000 |
| 7 | 24.05.2011 | Road Safety Decade Action plan | 15,64,99,152 |
| 8 | 04.07.2011 | Road Safety Week-2011 | 1,68,462 |
| 9 | 04.07.2011 | Safe Zone Project | 1,10,919 |
| 10 | 01.11.2010 | Sabarimala Festival (RTO, Pathanamthitta) | 50,000 |
| 11 | 22.12.2010 | Sabarimala Safe Zone Project (RTO-Pathanamthitta) | 3,05,000 |